# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 799</u>　　　　<u>30.06.2015 -ൽ മറുപടിക്ക്</u>

**<u>ആശ വർക്കർമാർക്ക് ഓണറേറിയം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശ വർക്കർമാർക്ക് പ്രതിമാസം ഓണറേറിയം നൽകുന്നുണ്ടോ ; നിലവിൽ എത്ര രൂപയാണ് ഓണറേറിയം നൽകുന്നത് ; | (എ) ആശാ വർക്കർമാർക്ക് പ്രതിമാസം ഓണറേറിയം നൽകുന്നുണ്ട്. 2014-15 -ൽ പ്രതിമാസം 900 രൂപ നിരക്കിലാണ് ആശമാർക്ക് ഓണറേറിയം നൽകിയത്. |
| (ബി) നിലവിൽ എത്ര മാസത്തെ കുടിശ്ശിക യാണ് കൊടുക്കാനുള്ളതെന്നും ; ഈ തുക എന്ന് കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ ; | (ബി) 2014-15 മാർച്ച് വരെയുള്ള ഓണറേറിയം കൊടുത്ത് തീർത്തിട്ടുണ്ട്. 2015-16 -ലെ ഏപ്രിൽ, മെയ് മാസത്തെ ഓണറേറിയം കുടിശ്ശികയായി നിലവിലുണ്ട്. |
| (സി) ആശ വർക്കർമാർക്ക് ഓണറേറിയം കൊടുക്കുന്നതിനായി 2014-15 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തി യിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ 21.47 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ